**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 184** **16-09-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ഗവൺമെന്റ് ജനറൽ ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | തിരുവനന്തപുരം ഗവൺമെന്റ് ജനറൽ ആശുപത്രി വികസനത്തിനായി 207.35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം ടി ആശുപത്രിയിൽ ഒ.പി.ഡി കം ട്രോമാ ബ്ലോക്ക്, സർവ്വീസ് ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിനായി 137.35 കോടി രൂപയുടെ ധനാനുമതി കിഫ്ബിയും നൽകിയിട്ടുണ്ട്. തുടർന്ന് പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ നിർവ്വഹണ ഏജൻസി തലത്തിൽ സ്വീകരിച്ചുവരുന്നു. മേൽ പദ്ധതിയ്ക്ക് തടസ്സമായി നിന്നിരുന്ന മരങ്ങൾ മുറിച്ചുമാറ്റുകയും, 9 കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയിലെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലേക്ക് നടപ്പാക്കേണ്ട റീ-ലൊക്കേഷൻ പ്ലാനിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ടി ആശുപത്രിയിലെ ആഫീസ്, സി.എസ്.എസ്.ഡി, വാർഡ് 1,2,7 എന്നിവയും ഹൗസ് കീപ്പിംഗ് വിംഗ്, ഓഫ്ത്താൽമോളജി വിംഗ്, റെസ്പിറേറ്ററി ഒ.പി, കീമോ തെറാപ്പി യൂണിറ്റ് തുടങ്ങിയവ റീ-ലൊക്കേഷൻ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ